നം. ഇ.9/34702 /16

സാമൂഹ്യ നീതി ഡയറക്ടറുടെ കാര്യാലയം,
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി: 24-10-2016

## പരിപത്രം

**വിഷയം:** സാമൂഹ്യ നീതി വകുപ്പ് -ജീവനക്കാര്യം- 01-01-2013 മുതൽ 31-12-2014 വരെ നിയമനം ലഭിച്ച ക്ലാർക്ക്/ എൽ.ഡി. അക്കൗണ്ടന്റ്/ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ കരട് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് വിശദാംശങ്ങൾ ശേഖരിക്കുന്നത് സംബന്ധിച്ച്:

സൂചന:

സാമൂഹ്യ നീതി വകുപ്പിൽ 01-01-2013 മുതൽ 31-12-2014 വരെ നിയമനം ലഭിച്ച ക്ലാർക്ക്/ എൽ.ഡി. അക്കൗണ്ടന്റ്/ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിലേക്കായി ജീവനക്കാരുടെ സേവന വിവരങ്ങൾ കാര്യാലയ മേധാവികൾ ബന്ധപ്പെട്ട ജീവനക്കാരുടെ സേവനപുസ്തകം പരിശോധിച്ച് ഇതോടൊപ്പമുള്ള നിശ്ചിത പ്രൊഫോർമയിൽ ഒരു ജീവനക്കാരന് ഒരു പ്രൊഫോർമ എന്ന ക്രമത്തിൽ വെവ്വേറെ തയ്യാറാക്കി 15-11-2016 ന് മുമ്പായി ഈ കാര്യാലയത്തിൽ ലഭിക്കത്തക്കവിധം അയച്ചുതരേണ്ടതാണ്. ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാർ ക്ലാർക്ക്/ എൽ.ഡി. അക്കൗണ്ടന്റ് തസ്തികയിലെ സീനീയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി ഓപ്ഷൻ സമർപ്പിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഓപ്ഷന്റെ പകർപ്പ് കാര്യാലയമേധാവി മേലൊപ്പ്വച്ച് അപേക്ഷയോടൊപ്പം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

മേൽ വിവരിച്ച കാലയളവിനുള്ളിൽ നിയമനം ലഭിച്ച ജീവനക്കാരിൽ പഞ്ചായത്തിൽ പുനർവിന്യാസം ചെയ്യപ്പെട്ടവരോ, അവധിയിൽ പോയിട്ടുള്ളവരോ ഉണ്ടെങ്കിൽ അവരുടെ വിവരവും ഇതോടൊപ്പം കാര്യാലയമേധാവി നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കി ടി തീയതിക്കുള്ളിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

അർഹതയുള്ള എല്ലാ ജീവനക്കാരുടേയും സർവ്വീസ് സംബന്ധമായ വിവരങ്ങൾ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിലേക്കായി ലഭ്യമാക്കിയിട്ടുണ്ടെന്ന് എല്ലാ കാര്യാലയ മേധാവികളും ഉറപ്പുവരുത്തേണ്ടതാണ്.

***സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഉൾപ്പെടുത്തേണ്ടതാണ്.***

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

എല്ലാ കാര്യാലയമേധാവികൾക്കും

# പ്രൊഫോർമ

| | | |
|---|---|---|
| 1 | ജീവനക്കാരന്റെ പേര് (മലയാളത്തിൽ) | |
| | ജീവനക്കാരന്റെ പേര് (ഇംഗ്ലീഷിൽ) | |
| 2 | തസ്തികയുടെ പേര് | |
| 3 | ജനനതീയതി (അക്കത്തിലും അക്ഷരത്തിലും) | |
| 4 | SC/ST | |
| 5 | വിദ്യാഭ്യാസ യോഗ്യത (ജനറൽ) | |
| 6 | വിദ്യാഭ്യാസ യോഗ്യത (സ്പെഷ്യൽ/ ഡിപ്പാർട്ട്മെന്റൽ, ഡിപ്പാർട്ട്മെന്റൽ (സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യണം) | |
| 7 | PSC നിയമന ശുപാർശ കത്ത് നമ്പരും തീയതിയും, നിയമനം ലഭിച്ച ജില്ല. | |
| 8 | PSC മുഖേനയുള്ള നിയമനമല്ലെങ്കിൽ ഈ വകുപ്പിൽ ക്രമ നം.2 ലെ തസ്തികയിൽ നിയമിതനായത് ഏത് തരത്തിലുള്ള നിയമനത്തിലുടെയാണ്..<br>നിയമന ഉത്തരവ് നമ്പരും തീയതിയും | |
| 9 | ഈ വകുപ്പിൽ ക്രമ നം.2 ലെ തസ്തികയിൽ നിയമിതനായ ഉത്തരവ് നമ്പരും തീയതിയും | |
| 10 | സാമൂഹ്യനീതി വകുപ്പിൽ ക്രമ നം.2 ലെ തസ്തികയിൽ ജോലിയിൽപ്രവേശിച്ച തീയതി | |
| 11 | ഇന്റർ ഡിപ്പാർട്ട്മെന്റൽ സ്ഥലംമാറ്റത്തിലൂടെ യാണോ ഈ വകുപ്പിൽ ജോലിയിൽ പ്രവേശി ച്ചത് ? എങ്കിൽ ആദ്യം ജോലിചെയ്ത വകുപ്പ്. | |
| 12 | ഈ വകുപ്പിൽ അന്തർ ജില്ലാ സ്ഥലംമാറ്റത്തിലൂ ടെ ജില്ല മാറിയിട്ടുണ്ടെങ്കിൽ ഏത് ജില്ലയിൽ നിന്നും മാറ്റം ലഭിച്ചു. മാറിവന്നുചേർന്ന ജില്ല, ജോലിയിൽ പ്രവേശിച്ച തീയതി | |
| 13 | ഈ വകുപ്പിൽ നിയമനം റഗുലറൈസ് ചെയ്ത പ്രാബല്യ തീയതി, ഉത്തരവ് നമ്പരും തീയതിയും | |
| 14 | ഈ വകുപ്പിൽ പ്രൊബേഷൻ പൂർത്തീകരിച്ച പ്രാബല്യ തീയതി, ഉത്തരവ് നമ്പരും തീയതിയും | |
| 15 | മറ്റു വിവരങ്ങൾ | |

## സാക്ഷ്യ പത്രം

ശ്രീ/ ശ്രീമതി/കുമാരി ....................................................നെ/യെ സംന്ധിച്ച് പ്രൊഫോർമയിൽ നൽകിയിട്ടുള്ള വിവരങ്ങൾ ടിയാന്റെ സേവനപുസ്തകം പരിശോധിച്ചു ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്ന് സാക്ഷ്യ പ്പെടുത്തുന്നു.

ഓഫീസ് സീൽ

കാര്യാലയമേധാവിയുടെ ഒപ്പ്, തീയതി , ഉദ്യോഗപ്പേര്